# തലശ്ശേരി - വളവ്പാറ റോഡ് വികസനം - എരഞ്ഞോളി പാലത്തിന്റെ അപ്രോച്ച് റോഡിന് അധികമായി ആവശ്യം വന്ന ഭൂമി ഏറ്റെടുക്കുന്ന പദ്ധതിയുടെ കരട് സാമൂഹ്യാഘാത പഠന റിപ്പോർട്ട്



**വിജിൽ മട്ടന്നൂർ**

## ഫോറം നമ്പർ 6

## ഉള്ളടക്കം

### ഭാഗം 1

I. പദ്ധതി സംബന്ധമായ വിവരണം

II. സാമൂഹ്യാഘാത പഠന യൂണിറ്റ്

III. ആവശ്യമായ ഭൂമി സംബന്ധമായ വിവരങ്ങൾ

IV. പഠന വിഷയങ്ങളും പഠനോപാധികളും

V. കണ്ടെത്തലുകൾ

VI. പൊതു കേൾക്കൽ

VII. സാമൂഹ്യാഘാതങ്ങൾ

### ഭാഗം 2

VIII. കരട് സാമൂഹ്യാഘാത പരിഹാര റിപ്പോർട്ട്

### ഭാഗം 3

IX. ശുപാർശ

# ഭാഗം I

## I. പദ്ധതി സംബന്ധമായ വിവരണം

കണ്ണൂർ ജില്ലയിലെ തലശ്ശേരിയിൽ നിന്ന് ആരംഭിച്ച് കർണ്ണാടകയിലെ കുടക് വരെയുള്ള അന്തർ സംസ്ഥാന പാത ടി.സി റോഡ് എന്ന പേരിലാണ് അറിയപ്പെട്ടത്. ഈ അന്തർ സംസ്ഥാന പാതയുടെ കേരളത്തിൽ ഉൾക്കൊള്ളുന്ന തലശ്ശേരി മുതൽ വളവ്പാറ വരെയുള്ള റോഡിന് ഏതാണ്ട് 54 കി.മി നീള മുണ്ട്. ഈ പാത ബ്രിട്ടീഷ് ഭരണ കാലത്ത് നിർമ്മിച്ചതാണ്. ഉത്തര കേരളത്തേയും കുടകിനേയും ബന്ധിപ്പിക്കുന്നതും ഇരു സംസ്ഥാനങ്ങളിലെയും വ്യാപാരത്തെയും വ്യവസായത്തെയും സംബന്ധിച്ചിട ത്തോളം നിർണ്ണായകമാണ് ഈ പാത. ഒന്നേകാൽ നൂറ്റാണ്ട് മുമ്പ് നിർമ്മിച്ച ഈ പാത ഇന്നത്തെ സാഹചര്യത്തിൽ തീർത്തും അപര്യാപതമാണ്. ഈ റോഡിൽ പ്രധാനപ്പെട്ട ഏഴ് പാലങ്ങൾ ഉണ്ട്. ഇന്നും നിലനിൽക്കുന്നുണ്ടെങ്കിലും വീതി കുറവും ബലക്ഷയവും കാരണം പുതുക്കി പണിയേണ്ടുന്ന നിലയി ലുമാണ്. ഈ സാഹചര്യത്തിലാണ് കേരള സർക്കാർ ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന കെ. എസ്.ടി.പി പദ്ധതിയിൽ ഈ റോഡ് വികസനം ഉൾപ്പെടുത്തിയത്.

ഈ റോഡിന്റെ തലശ്ശേരി മുതൽ വളവ് പാറ വരെയുള്ള ഭൂമി ഏറ്റെടുക്കൽ നേരത്തെ പൂർത്തി യായതാണ്. റോഡിന്റെ പുനരുദ്ധാരണം തലശ്ശേരി മുതൽ മട്ടന്നൂർ കള റോഡ് വരെ ഒരു ഘട്ടമായും കള റോഡ് മുതൽ വളവ്പാറ വരെ മറ്റൊരു ഘട്ടമായും പുരോഗമിച്ച് കൊണ്ടിരിക്കുകയാണ്. ഈ റോഡിന്റെ നിർമ്മാണ പ്രവർത്തികളുടെ മേൽനോട്ടം നടത്തുന്നത് കെ.എസ്.ടി.പി യും ഭൂമി ഏറ്റെടു ക്കൽ നടപടികൾ നടത്തുന്നത് ജില്ലാ കലക്ടറുടെ നേതൃത്വത്തിൽ തലശ്ശേരി ലാന്റ് അക്വിസിഷൻ (കെ.എസ്.ടി.പി) സ്പെഷ്യൽ തഹസിൽദാറുമാണ്.

ഇപ്പോൾ അധികമായി ഭൂമി ഏറ്റെടുക്കാൻ കണ്ണൂർ കെ.എസ്.ടി.പി എക്സിക്യൂട്ടീവ് എഞ്ചിനീയർ അർത്ഥന സമർപ്പിച്ചിട്ടുള്ള എരഞ്ഞോളി പാലത്തിന് ഇരുവശങ്ങളിലും നേരത്തെ ഭൂമി ഏറ്റെടുത്തിട്ടുള്ള താണ്. എന്നാൽ കൊല്ലം - കോട്ടപ്പുറം ദേശീയ ജലപാതയുടെ ഭാഗമായ മാഹി - മുഴപ്പിലങ്ങാട് തോട് കടന്ന് പോകുന്നത് എരഞ്ഞോളി പുഴയിലൂടെയാണ്. ഈ ജലപാത നടപ്പിലാകുമ്പോൾ എരഞ്ഞോളി പാലത്തിന്റെ ഉയരം കൂട്ടേണ്ടതുണ്ട്. പാലത്തിന്റെ ഉയരം കൂട്ടുമ്പോൾ അപ്രോച്ച് റോഡിനും സർവ്വീസ് റോഡിനും അധിക സ്ഥലം ആവശ്യമുള്ളതിനാലാണ് ഇപ്പോൾ ഈ അർത്ഥന സമർപ്പിച്ചിട്ടുള്ളത്. ഭൂമി ഏറ്റെടുക്കുന്നതിന് ജി.ഒ(പി)62/2018/പി.ഡബ്ല്യു.ഡി, തിയ്യതി 08.01.18 പ്രകാരം സർക്കാർ അനു മതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് കണ്ണൂർ കെ.എസ്.ടി.പി എക്സിക്യൂട്ടീവ് എഞ്ചിനീയർ ഭൂമി ഏറ്റെടുക്കാനുള്ള അർത്ഥന ജില്ലാ കലക്ടർക്ക് സമർപ്പിച്ചത്. ഈ പദ്ധതിയുടെ സാമൂഹ്യാഘാത പഠനം നടത്തുന്നതിന് വിജിൽ മട്ടന്നൂർ എന്ന ഏജൻസിയെയാണ് ജില്ലാ കലക്ടർ

നിയമിച്ചിട്ടുള്ളത്. ഇത് സംബന്ധമായി ചട്ടം 14(1) പ്രകാരമുള്ള വിഞ്ജാപനം 07.07.18 ലെ 1826 ാം നമ്പറായി കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

## II. സാമൂഹ്യാഘാത പഠന യൂണിറ്റ്.

ഈ പദ്ധതിയുടെ സാമൂഹ്യാഘാത പഠനം നടത്തുന്നതിന് വിജിൽ മട്ടന്നൂർ എന്ന ഏജൻസി യെയാണ് ആണ് ജില്ലാ കലക്ടർ ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധമായി സർക്കാർ പുറപ്പെ ടുവിച്ച വിജ്ഞാപനം 07.07.2018 ലെ 1826 ാം നമ്പർ കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**സാമൂഹ്യാഘാത പഠന യൂണിറ്റിന്റെ ഘടന.**

ഈ പദ്ധതിയുടെ സാമൂഹ്യാഘാത പഠന യൂണിറ്റിന്റെ ഘടന താഴെ പറയും വിധമാണ്.

1. മധുസൂധനൻ എ — ഡെപ്യൂട്ടി കലക്ടർ (റിട്ട) — ചെയർമാൻ
2. സരള സി ടി — ഡെപ്യൂട്ടി തഹസിദാർ (റിട്ട) — അംഗം
3. നാരായണൻ എടവലത്ത് — ഡെപ്യൂട്ടി തഹസിദാർ (റിട്ട) — അംഗം

## III. ആവശ്യമായ ഭൂമി സംബന്ധമായ വിവരങ്ങൾ

താഴെ പട്ടികയിൽ വിവരിച്ച ഭൂമിയാണ് പദ്ധതിയ്ക്ക് ആവശ്യമായി വരുന്നത്.

| ക്രമ നമ്പർ | വില്ലേജ് | ദേശം | സർവ്വേ നമ്പർ | ഏകദേശ വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|---|
| 1 | തിരുവങ്ങാട് | തിരുവങ്ങാട് | T.S 88 | 0.0185 |
| 2 | തിരുവങ്ങാട് | തിരുവങ്ങാട് | T.S 104 | 0.0450 |
| 3 | തിരുവങ്ങാട് | തിരുവങ്ങാട് | T.S 105 | 0.0370 |
| 4 | തിരുവങ്ങാട് | തിരുവങ്ങാട് | T.S 106 | 0.0380 |
| 5 | തിരുവങ്ങാട് | തിരുവങ്ങാട് | T.S 116 | 0.0271 |
| 6 | തിരുവങ്ങാട് | തിരുവങ്ങാട് | T.S 241 | 0.0173 |

| | | | | |
|---|---|---|---|---|
| 7 | തിരുവങ്ങാട് | തിരുവങ്ങാട് | T.S 243 | 0.0580 |
| 8 | തിരുവങ്ങാട് | തിരുവങ്ങാട് | T.S 249 | 0.0334 |
| 9 | തിരുവങ്ങാട് | തിരുവങ്ങാട് | T.S 250 | 0.0018 |
| | തിരുവങ്ങാട് | തിരുവങ്ങാട് | T.S 252 | 0.1004 |
| | ആകെ | | | 0.3765 |

| ക്രമ നമ്പർ | വില്ലേജ് | ദേശം | സർവ്വേ നമ്പർ | ഏകദേശ വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|---|
| 1 | എരഞ്ഞോളി | എരഞ്ഞോളി | R.S 69 | 0.0660 |
| 2 | എരഞ്ഞോളി | എരഞ്ഞോളി | R.S 72 | 0.0703 |
| 3 | എരഞ്ഞോളി | എരഞ്ഞോളി | R.S 74 | 0.1650 |
| 4 | എരഞ്ഞോളി | എരഞ്ഞോളി | R.S 75 | 0.0160 |
| | ആകെ | | | 0.3173 |

## IV. പഠന വിഷയങ്ങളും പഠനോപാധികളും

സാമൂഹ്യാഘാത പഠന യൂനിറ്റിന്റെ 18.07.18 തിയ്യതിയിൽ ചേർന്ന യോഗത്തിൽ പഠന വിഷയങ്ങളെ സംബന്ധിച്ചും പഠനോപാധികളെ സംബന്ധിച്ചും വിശദമായി ചർച്ച ചെയ്തു. യോഗത്തിൽ വെച്ച് പഠന വിഷയങ്ങൾ താഴെ പറയും വിധം നിർണ്ണയിച്ചു.

**പഠന വിഷയങ്ങൾ**

1. പദ്ധതിയുടെ സ്വഭാവം
2. പദ്ധതിക്കാവശ്യമായ ഏറ്റവും കുറഞ്ഞ അളവിലുള്ള ഭൂമി മാത്രമാണോ ആവശ്യപ്പെട്ടിട്ടുള്ളത്
3. പകരം ഭൂമി ലഭ്യമാണോ
4. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ സ്വഭാവം - കൃഷികൾ
5. പദ്ധതിയാൽ ബാധിക്കപ്പെടുന്ന വ്യക്തികളെ സംബന്ധിച്ച വിവരങ്ങൾ
6. പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ കുടി ഒഴിപ്പിക്കപ്പെടുന്ന വീടുകളുടെ വിവരങ്ങൾ

7. പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ ഒഴിപ്പിക്കപ്പെടുന്ന കച്ചവട സ്ഥാപനങ്ങൾ/വ്യവസായ സ്ഥാപനങ്ങൾ
8. തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളുടെ വിവരങ്ങൾ
9. വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധമായ വിവരങ്ങൾ
10. പദ്ധതിയുടെ സാമൂഹ്യാഘാതങ്ങൾ

**പഠനോപാധികൾ**

1 നേരിട്ടുള്ള വിവര ശേഖരണം..

2. തെരഞ്ഞെടുത്ത ഭുവുടമകളുമായി ഫോൺ മുഖാന്തരമുള്ള വിവര ശേഖരണം

# V. കണ്ടെത്തലുകൾ

**1.പദ്ധതിയുടെ സ്വഭാവം**

ഈ പദ്ധതി നടപ്പാക്കുന്നത് പൂർണമായും കേരള സർക്കാറിന്റെ പൊതുമരാമത്ത് വകുപ്പിലെ പ്രത്യേക വിഭാഗമായ കെ.എസ്.ടി.പി ആണ്. പദ്ധതി പൂർണമായും പൊതു ഉടമസ്ഥതയിൽ ഉള്ളതും പൊതു ജനങ്ങൾക്ക് വേണ്ടിയുള്ളതുമാണ്. ആയതിനാൽ ഈ പദ്ധതി പൂർണമായും പൊതു സ്വഭാവത്തിലുള്ളതാണ്.

**2. പദ്ധതിക്കാവശ്യമായ ഏറ്റവും കുറഞ്ഞ അളവിലുള്ള ഭൂമി മാത്രമാണോ ആവശ്യപ്പെട്ടിട്ടുള്ളത്**

ഈ പദ്ധതിക്ക് വേണ്ടി തിരുവങ്ങാട് എരഞ്ഞോളി വില്ലേജുകളിലായി 0.6938 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുന്നത്. നിലവിലുള്ള റോഡിൽ നിന്നും വളരെ കുറഞ്ഞ വീതിയിലുള്ള സ്ഥലം മാത്രമാണ് ആവശ്യപ്പെട്ടിട്ടുള്ളത്. പാലത്തിന്റെ ഉയരം കൂടുന്നതിന് അനുസരിച്ച് അപ്രോച്ച് റോഡിന്റെ നീളവും വീതിയും കൂട്ടേണ്ടതുണ്ട്. ഈ ജോലികൾ നടത്തുന്നതിന് ആവശ്യമായ ഏറ്റവും കുറഞ്ഞ അളവിലുള്ള ഭൂമി മാത്രമാണ് ആവശ്യപ്പെട്ടിട്ടുള്ളത് എന്ന് കാണുന്നു.

**3.പകരം ഭൂമി ലഭ്യമാണോ**

ഇപ്പോൾ ആവശ്യപ്പെട്ടിട്ടുള്ള ഭൂമികൾ നേരത്തെ റോഡിന് വേണ്ടി ഏറ്റെടുത്ത ഭൂമിയോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത്. മേൽ സാഹചര്യത്തിൽ മറ്റ് ഭൂമികൾ ഇതിന് പകരമായി നിർദ്ദേശിക്കാൻ നിർവ്വാഹമില്ല. നേരത്തെ എറ്റെടുത്ത് ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയും ലഭ്യമല്ല എന്ന് കാണുന്നു.

**4.ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ സ്വഭാവം**

എരഞ്ഞോളി പാലത്തിന്റെ ഇരു വശത്തുമായി നിലവിലുള്ള റോഡിനോട് തൊട്ടടുത്ത സ്ഥലങ്ങളാണ് ഏറ്റെടുക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. തിരുവങ്ങാട് വില്ലേജിൽ ഉൾക്കൊള്ളുന്ന ഭാഗം തലശ്ശേരി മുൻസിപ്പാലിറ്റിയിൽ പെട്ടതാണ്. ധാരാളം കച്ചവട സ്ഥാപനങ്ങളും വീടുകളും ഉൾക്കൊള്ളുന്ന സ്ഥലമാണിത്. വളരെ ചെറിയ കച്ചവട സ്ഥലങ്ങളും പുരയിടങ്ങളുമായി കിടക്കുന്ന പ്രദേശമാണ്. റോഡിന്റെ വടക്ക് ഭാഗത്ത് ചതുപ്പായി കിടക്കുന്ന സ്ഥലങ്ങളും ഉൽപ്പെടുന്നുണ്ട്.

എരഞ്ഞോളി വില്ലേജിൽ ഉൾപ്പെടുന്ന സ്ഥലത്ത് കച്ചവട സ്ഥാപനങ്ങൾ കുറവാണ്. ഏറ്റെടുക്കുന്നത് കൂടുതലും പുരയിടമാണ്.

ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളിൽ കാര്യമായ കൃഷികൾ ഒന്നും തന്നെ ഇല്ലായെന്ന് കാണുന്നു.

**5. പദ്ധതിയാൽ ബാധിക്കപ്പെടുന്ന വ്യക്തികളെ സംബന്ധിച്ച വിവരങ്ങൾ**

ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന കൈവശ ഭൂമിയുടെ ഉടമകൾ താഴെ പറയുന്നവരാണെന്നു അന്വേഷണത്തിൽ അറിയുന്നു.

| ക്രമ നമ്പർ | തല്പര കക്ഷികളുടെ പേരും വിലാസവും | റിമാർക്സ് |
|---|---|---|
| 1 | മനോഹരൻ, ന്യൂ ബിൽഡിങ്ങ്, എരഞ്ഞോളി | |
| 2 | കണ്ട്യൻ കോട്ടായി ദേവു, എരഞ്ഞോളി | |
| 3 | രോഹിണി സി.പി, എരഞ്ഞോളി | |
| 4 | ശ്രീനിവാസൻ, പാതിയിൽ പുത്തലോം കുന്നോത്ത്, എരഞ്ഞോളി | |
| 5 | ഭാസ്ക്കരൻ, തൂവക്കുന്നുമ്മൽ, കൃഷ്ണ നിവാസ്, നേതാജി റോഡ്, തലശ്ശേരി | |
| 6 | പ്രസീത, പെരുംമ്പട്ട, എടക്കാടൻ കണ്ടി മീത്തൽ, എരഞ്ഞോളി | |
| 7 | ഗിരീഷ് കുമാർ, കുന്നത്ത് ഹൗസ്, ലക്ഷ്മി നിലയം എടക്കാട് | |
| 8 | ഇന്ദുലാൽ, കുടജാദ്രി, എരഞ്ഞോളി | |
| 9 | ഊർമ്മിള ടി, തുണ്ടിക്കണ്ടി, എരഞ്ഞോളി | |
| 10 | ജയചന്ദ്രൻ, തുണ്ടിക്കണ്ടി, എരഞ്ഞോളി | |

| | | |
|---|---|---|
| 11 | ജയരാജൻ, നന്ദനം, ചിറക്കര, തലശ്ശേരി | |
| 12 | ജയചന്ദ്രൻ ടി.പി, ആനന്ദ്, ചിറക്കര, തലശ്ശേരി | |
| 13 | സുനീർ വി.പി, മുംതാസ് മഹൽ, ഒ.വി റോഡ്,<br>തലശ്ശേരി | |
| 14 | സുധീർ, ശാരദ ഹൗസ്, നാരായണ റോഡ് ഗുരു റോഡ്,<br>തലശ്ശേരി | |
| 15 | ഡോ. രവീന്ദ്രനാഥ്, ശ്രീരാജ്, എരഞ്ഞോളി | |
| 16 | അസ്കർ, ഷാഹിദ മൻസിൽ, ഗുഡ് ഷെഡ്ഡ് റോഡ്, തലശ്ശേരി | |
| 17 | അബൂട്ടി പി.കെ, സാറാസ്, സൈതാർപള്ളി | |
| 18 | അഷ്റഫ്, എ.സി, ഇൻഹാൻ ഹൗസ്, എരഞ്ഞോളി | |
| 19 | ശാന്ത നാരായണൻ, നാരായണ നിലയം, എരഞ്ഞോളി | |
| 20 | 1. രതീഷ്,<br>2. സ്വപ്ന സജിത്ത്, പുതിയപുരയിൽ. കോലത്ത് വയൽ പി.ഒ<br>അഞ്ചാം പീടിക | |
| 21 | സ്മിത ലക്ഷ്മി, C/O മോഹനൻ മാസ്റ്റർ, ചിറക്കര | |
| 22 | പത്മനാഭൻ, മംഗളം, എരഞ്ഞോളി | |
| 23 | ഒ.കെ രാമകൃഷ്ണൻ, കൃപ, ചിറക്കര | |
| 24 | രമേശൻ കെ.എൻ, കുനിയിൽ ഹൗസ്, കുഞ്ഞിക്കൂലം | |
| 25 | ടി.കെ മധുപ്, ഒറവൻകണ്ടി കോലാറത്ത്, എരഞ്ഞോളി | |
| 26 | ഡോ. ജയദേവൻ, എരഞ്ഞോളി | |
| 27 | വേണുഗോപാലൻ, അനുഗ്രഹ്, താവക്കര, കണ്ണൂർ | |
| 28 | ദിനേശൻ, | |
| 29 | ഒ.കെ സതി, എരഞ്ഞോളി | |
| 30 | രമേശൻ സി.കെ, തിരുവാതിര, ചമ്പാട് | |
| 31 | നിതിൻ, നിഷാന്ത്, ഒ.കെ സതി | |
| 32 | പ്രശാന്ത്. സായൂജ്യം, കടമ്പൂർ | |
| 33 | രാജശേഖരൻ, ശ്രീരാഗം, കുട്ടിമാക്കൂൽ, തിരുവങ്ങാട് | |
| 34 | സതീഷ് കുമാർ, സ്നേഹഭവൻ, പാറാൽ പി.ഒ | |

| | | |
|---|---|---|
| 35 | സന്തോഷ്കുമാർ, ഷീജ നിവാസ്, പൊന്ന്യം | |
| 36 | ഒ.കെ സതി, എരഞ്ഞോളി | |
| 37 | രജിത എം, ശ്രീലകം, ചിറക്കര | |
| 38 | സജീന്ദ്രൻ കെ.പി, ശ്രീലകം, ചിറക്കര | |
| 39 | ഒ.കെ പ്രസന്ന, കണ്ണൂർ | |
| 40 | വിനോദ് സി.എം, തീർത്ഥം, പുന്നോൽ പി.ഒ | |
| 41 | ഷാജി കെ.വി, കാർത്തിക, തിരുവങ്ങാട് പി.ഒ | |
| 42 | രാമകൃഷ്ണൻ ഒ.കെ, എരഞ്ഞോളി | |
| 43 | ജനീഷ് സി, ശ്യാമളാലയം, കാവുംഭാഗം | |
| 44 | പ്രശാന്ത്, കാർത്തിക, ടെമ്പിൾഗേറ്റ് | |
| 45 | ഉസ്മാൻ, എസ്.എസ് മെറ്റൽ, തിരുവങ്ങാട് | |
| 46 | ഡോക്ടർ ചന്ദ്രപ്രഭ, ദേശീയ ആയുർവ്വേദ ഫാർമസി, പൂനൂർ, താമരശ്ശേരി, കോഴിക്കോട് | |
| 47 | സുകുമാരൻ, ജിഷനിവാസ്, കാവുംഭാഗം | |
| 48 | പ്രസന്ന സി, കാർത്തിക്. ടെമ്പിൾഗേറ്റ്, | |
| 49 | രാജൻ കോഴിക്കോട് | |
| 50 | റീഷ്മ, , നിതിൻ, ഒ.കെ സതി, | |
| 51 | പ്രഭാകരൻ. കെ.പി, കരുവാത്ത്, ചോനാടം | |
| 52 | ജയദീപ്, അമൃത പ്രസന്നം, എരഞ്ഞോളി | |
| 53 | ലത്തീഫ്. ഷരീഫ, എരഞ്ഞോളി | |
| 54 | നന്ദകുമാർ, എരഞ്ഞോളി | |
| 55 | നബീസ്സു, എരഞ്ഞോളി | |
| 56 | മാനേജിങ്ങ് ഡയറക്ടർ കെ.എസ്.സി.ഡി.സി, പിബി നമ്പർ 13, കൊല്ലം | |
| 57 | എം. ഒി സുഷമ, കരുവാത്ത്, എരഞ്ഞോളി | |
| 58 | ചാത്തുകുട്ടി കെ.വി, ശ്രേയസ്സ്, എരഞ്ഞോളി പി.ഒ | |

| | | |
|---|---|---|
| 59 | മുഹമ്മദ്, എരഞ്ഞോളി | |
| 60 | രോഹിണി, എരഞ്ഞോളി | |
| 60 | ഭാസ്ക്കരൻ കെ, സെക്രട്ടറി, തലശ്ശേരി താലൂക്ക് ലോറി ഓണേഴ്സ് അസോസിയേഷൻ | |

## 6. പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ കുടി ഒഴിപ്പിക്കപ്പെടുന്ന വീടുകളുടെ വിവരങ്ങൾ

ഈ പദ്ധതിക്കു വേണ്ടി ആകെ ഒരു വീട് മാത്രമാണ് ഏറ്റെടുക്കേണ്ടി വരുന്നത്. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന വീടിനെ സംബന്ധിച്ച വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

മുൻസിപ്പാലിറ്റി - തലശ്ശേരി

വില്ലേജ് - തിരുവങ്ങാട്

വിവരണം - മൂന്ന് കിടപ്പ് മുറിയോട് കൂടിയ നിലം മാർബണേറ്റ് പതിച്ച ഏകദേശം 1800 സ്ക്വയർ ഫീറ്റ് വിസ്തീർണമുള്ള ഇരു നില കോൺക്രീറ്റ് വീട്.

ഉടമയുടെ പേര് - അഷ്റഫ് എ.സി

ജോലി - ബിസിനസ്സ്

അംഗങ്ങൾ

മുഹമ്മദ് സാനിദ് - കമ്പനി അക്കൗണ്ടന്റ്, വിദേശത്ത്

ഫാത്തിമത്തുൾ ഷർഫിയ- വിദേശത്ത്

ഫാത്തിമത്തുൾ ഷെറിൻ - വിദേശത്ത്

വീട്ട് ഉടമയായ അഷ്റഫ് ആസ്മ രോഗിയാണ്. ഇദ്ദേഹത്തിന്റെ ഭാര്യ 4 മാസം മുന്നെ ഹൃദയാഘാതം മൂലം മരണപ്പെട്ടിരുന്നു.

## 7. പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ ഒഴിപ്പിക്കപ്പെടുന്ന കച്ചവട സ്ഥാപനങ്ങൾ/വ്യവസായ സ്ഥാപനങ്ങൾ

| ക്രമ നമ്പർ | കച്ചവടക്കാരന്റെ പേരും വിലാസവും | കച്ചവടത്തിന്റെ സ്വാഭാവം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | ആബൂട്ടി പി.കെ, സാറാസ്, സൈതാർപള്ളി, തലശ്ശേരി | സിമന്റ്, പൂഴി, മറ്റ് നിർമ്മാണ സാമഗ്രിക ളുടെ വില്പന | 2 |

| | | | |
|---|---|---|---|
| 2 | പ്രവീൺകുമാർ, അരുൺകുമാർ | അലൂമിനിയം ഫാബ്രി ക്കേഷൻ | 2 |
| 3 | രമേശൻ സി.കെ, തിരുവാതിര, ചമ്പാട് | ഗ്ലാസ് പെയിന്റിങ്ങ് | 2 |
| 4 | പ്രശാന്ത്, സായൂജ്യം, കടമ്പൂർ | സ്റ്റേഷനറി | 2 |
| 5 | സജീന്ദ്രൻ,ശ്രീലകം, ചിറക്കര | സ്റ്റേഷനറി | 0 |
| 6 | വിനോദ് സി.എം, തീർത്ഥം, പുന്നോൽ, തലശ്ശേരി | ഓട്ടോ ഇലക്ട്രിക്കൽ വർക്ക് | 2 |
| 7 | ഷാജി, കാർത്തിക, തിരുവങ്ങാട് | സ്റ്റേഷനറി | 2 |
| 8 | ജനീഷ്, ശ്യാമളാലയം, കാവുംഭാഗം, തലശ്ശേരി | ഹോട്ടൽ | 4 |
| 9 | പ്രശാന്ത്, കാർത്തിക, ടെമ്പിൾഗേറ്റ് | ബേക്കറി | 6 |
| 10 | സുകുമാരൻ സി, ജിഷ നിവാസ്, കാവുംഭാഗം | അനുരാഗ് സ്റ്റോർ, സ്റ്റേഷനറി | 1 |
| 11 | നിഷ, ഹരിചന്ദനം, പൊന്ന്യം വെസ്റ്റ്, കുണ്ടുചിറ | ഓട്ടോ മൊബൈൽ ഷോപ്പ് | 4 |

**1.വീട് നഷ്ടപ്പെടുന്നവരുടെ സാമ്പത്തിക സ്ഥിതി കാണിക്കുന്ന പട്ടിക**

| ആകെ ഏറ്റെടുക്കുന്ന വീടുകളുടെ എണ്ണം | ദാരിദ്ര്യ രേഖക്ക് താഴെ യുള്ള വീടുകളുടെ എണ്ണം | ദാരിദ്ര്യ രേഖക്ക് മുകളിലുള്ള വീടുകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | 0 | 1 | |

**2) വീട് നഷ്ടപ്പെടുന്നവരുടെ വിദ്യാഭ്യാസനില കാണിക്കുന്ന പട്ടിക**

| ആകെ നഷ്ടപ്പെടുന്ന വീടുകളുടെ എണ്ണം | കുടുംബാംഗങ്ങളുടെ എണ്ണം | ബിരുദധാരികളുടെ എണ്ണം | എസ്.എസ്. എൽ.സി യും ഹയർ സെക്കന്ററിയും | എസ്.എസ്. എൽ.സി ക്ക് താഴെ |
|---|---|---|---|---|
| 1 | 4 | 3 | 0 | 0 |

**9. വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധമായ വിവരങ്ങൾ**

ഏറ്റെടുക്കപ്പെടുന്ന എല്ലാ വസ്തുക്കളും ഉടമകളുടെ ജന്മത്തിലും കൈവശത്തിലും ഉള്ളതാണെന്ന് കാണുന്നു. അന്യ കൈവശങ്ങളൊ, കുടികിടപ്പുകളൊ ഒന്നും തന്നെ ഏറ്റെടുക്കുന്ന ഭൂമിയിൽ ഇല്ല.

# VI പദ്ധതിയുടെ സാമൂഹ്യാഘാതങ്ങൾ

1. കാർഷിക മേഖലക്കുണ്ടാകുന്ന ആഘാതം

ഏറ്റെടുക്കുന്ന ഭൂമിയിൽ താഴെ പറയുന്ന കാർഷിക വിളകൾ ഉള്ളതായി കാണുന്നു.
തെങ്ങ് - 29 എണ്ണം, കവുങ്ങ് - 12
മാവ് - 6, പ്ലാവ് - 2
തേക്ക് - 1, മഹാഗണി - 1
ജാതി മരം - 1

ഇതിന് പുറമെ മറ്റ് പടുമരങ്ങളും ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു. തികച്ചും നഗരവത്കൃത പ്രദേശമായതിനാൽ ഇവിടെ കൃഷിക്ക് കാര്യമായ പ്രസക്തി ഇല്ല. സ്ഥലം ഏറ്റെടുക്കുന്നത് വഴി കാർഷിക മേഖലയ്ക്ക് പ്രത്യക്ഷമായ നഷ്ടം ഒന്നും തന്നെ പറയാനില്ല.

2. കുടിയൊഴിപ്പിക്കൽ

പദ്ധതിയുടെ ഭാഗമായി തിരുവങ്ങാട് വില്ലേജിൽ ടി.സി അഷ്റഫ് എന്നയാളുടെ ഉടമസ്ഥതയിലുള്ള വീട് പൂർണമായും ഏറ്റെടുക്കേണ്ടതുണ്ട്. ശ്രീ അഷ്റഫ് തലശ്ശേരി നഗരത്തിൽ കച്ചവടം നടത്തുന്ന വ്യക്തിയാണ്. അന്വേഷണ സമയത്ത് ഇദ്ദേഹത്തെ കൂടാതെ ഈ വീട്ടിൽ മൂന്ന് മക്കൾ താമ

സിച്ച് വരുന്നുണ്ട്. ഇവർക്ക് വേറെ വീടോ സ്ഥലമോ ഒന്നും തന്നെ ഇല്ലായെന്ന് അന്വേഷണത്തിൽ അറിയുന്നു.

3. <u>തൊഴിൽ സംബന്ധമായ ആഘാതം</u>

ഭൂമി ഏറ്റെടുക്കുമ്പോൾ ഈ പ്രദേശത്തെ 17 ഓളം കച്ചവട സ്ഥാപനങ്ങൾ പൂർണമായും ഏറ്റെടുക്കപ്പെടുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ ഏകദേശം 27 ഓളം തൊഴിലാളികൾ ജോലി ചെയ്തു വരുന്നുണ്ട്.

4. <u>പൊതു ഇടങ്ങൾക്കുണ്ടാകുന്ന നഷ്ടം</u>

ഈ പദ്ധതിക്ക് വേണ്ടി പൊതുസ്ഥാപനങ്ങളോ,പുറംപോക്കുകളോ ഒന്നുംതന്നെ ഏറ്റെടുക്കുന്നില്ല.

5. <u>പരിസ്ഥിതിക്ക് ഉണ്ടാകാവുന്ന ആഘാതങ്ങൾ</u>

ഈ പദ്ധതിക്ക് വേണ്ടി കാര്യമായ അളവിൽ കൃഷിയോ മരങ്ങളോ നഷ്ടപ്പെടുന്നില്ല. കുന്നുകൾ ഇടിക്കേണ്ടി വരികയോ, ജല നിർഗമന മാർഗ്ഗങ്ങൾ തടസ്സപ്പെടുകയോ ചെയ്യുന്നില്ല. ആയതിനാൽ പദ്ധതിയാൽ പരിസരത്തെ പരിസ്ഥിതിക്ക് കാര്യമായ കോട്ടം ഒന്നും തന്നെ സംഭവിക്കുന്നില്ല എന്ന് കാണുന്നു.

## <u>ഭാഗം II</u>

## <u>VIII. സാമൂഹ്യാഘാത പരിഹാര റിപ്പോർട്ട്</u>

1. ഒരു വീട് പൂർണമായി നഷ്ടപ്പെടുന്നതും 17 ഓളം കച്ചവട സ്ഥാപനങ്ങൾ പൂർണമായും 2 എണ്ണം ഭാഗികമായും ഏറ്റെടുക്കപ്പെടുന്നുണ്ട്. ഇവയുടെ ഉടമസ്ഥർക്ക് 2013ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിൽ അർഹതപ്പെട്ട നഷ്ടപരിഹാരത്തിൽ കുറയാത്തതും അതിലുപരിയായി കെ.എസ്.ടി.പി മുൻകാലങ്ങളിൽ നൽകിയിട്ടുള്ള പാക്കേജിൽ പെടുന്ന സഹായങ്ങൾ അധികമായും നൽകേണ്ടതാണ്.

2. പൂർണമായും ഏറ്റെടുക്കപ്പെടുന്ന വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ഭൂമി ഏറ്റെടുക്കൽ നിയമത്തിൽ അർഹതപ്പെട്ടതിന് പുറമെ മുൻകാലങ്ങളിൽ കെ.എസ്.ടി.പി അനുവദിച്ച അധിക സഹായങ്ങൾ അനുവദിക്കേണ്ടതാണ്.

# ഭാഗം III

## IX. ശുപാർശ

മേൽ വിവരിച്ച നഷ്ടങ്ങൾ ഉണ്ടാകുന്നുണ്ടെങ്കിൽ കൂടി കേരളത്തിന്റെ മൊത്തം വികസനത്തിന് ഉതകുന്ന കൊല്ലം - കോട്ടപ്പുറം ജലപാത നിർമാമണത്തിന് സഹായകരമാകാൻ വേണ്ടിയാണ് ഇപ്പോൽ റോഡിന് കൂടുതൽ സ്ഥലം ഏറ്റെടുക്കുന്നത്. ദേശീയ ജലപാതയും തലശ്ശേരി വളവ്പാറ റോഡ് വികസനവും മൂലം പ്രദേശത്തിനും സംസ്ഥാനത്തിനും ഉണ്ടാകുന്ന നേട്ടങ്ങൾ പരിഗണിക്കുമ്പോൾ പദ്ധതി കൊണ്ട് ഉണ്ടാകുന്ന ആഘാതങ്ങൾ ചെറുതാണെന്നും അവ പൊതു സമൂഹത്തിന് താങ്ങാവുന്നതാണെന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ ഈ പദ്ധതി നിർദ്ദേശിക്കപെട്ട രീതിയിൽ തന്നെ നടപ്പാക്കുന്നതിന് ഈ യൂനിറ്റ് ശുപാർശ ചെയ്യുന്നു.

ചെയർമാൻ
സാമൂഹ്യാഘാത പഠന യൂനിറ്റ്